**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2873** **14-09-2023 - ൽ മറുപടിയ്ക്ക്**

**മരവട്ടം-കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ മരവട്ടം-കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ നിർദ്ദിഷ്ട മരവട്ടം-കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷനിലേക്ക് വലിക്കേണ്ട 110 കെ.വി ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ വിളിച്ചു കഴിഞ്ഞു. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനായി സ്ഥലത്തിന്റെ വിലയായി 1,19,00,000/- രൂപ തിരൂർ എൽ.എ തഹസിൽദാരുടെ ഓഫീസിൽ അടച്ചിട്ടുണ്ട്. സ്ഥലം കെ.എസ്.ഇ.ബി ലിമിറ്റഡിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. |
| (ബി) | സബ്സ്റ്റേഷനിലേക്കുള്ള ലൈൻ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | മരവട്ടം – കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷനിലേക്ക് വലിക്കേണ്ട 110 കെ.വി ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ 16.08.2023 ൽ വിളിച്ചിട്ടുണ്ട്. Pre-qualification bid തുറക്കുന്ന തീയതി 18.09.2023 ആണ്. |
| (സി) | സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി മരവട്ടത്ത് കണ്ടെത്തിയിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിൽ ആണെന്ന് വിശദമാക്കുമോ; | (സി) | മരവട്ടം – കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലത്തിന്റെ വിലയായി 1,19,00,000/- രൂപ തിരൂർ എൽ.എ തഹസിൽദാരുടെ ഓഫീസിൽ 15.07.2023 ന് കെ.എസ്.ഇ.ബി ലിമിറ്റഡ് അടച്ചിട്ടുണ്ട്. ടി സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിനായി റവന്യൂ വകുപ്പിൽ നിന്നും കെ.എസ്.ഇബി ലിമിറ്റഡിന് കൈമാറി ലഭിക്കേണ്ടതുണ്ട്. |
| (ഡി) | സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ഡി) | മരവട്ടം – കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലത്തിന്റെ വിലയായി 1,19,00,000/- രൂപ തിരൂർ എൽ.എ തഹസിൽദാരുടെ ഓഫീസിൽ 15.07.2023 ന് കെ.എസ്.ഇ.ബി ലിമിറ്റഡ് അടച്ചിട്ടുണ്ട്. ടി സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിനായി റവന്യൂ വകുപ്പിൽ |

| | | | |
|---|---|---|---|
| | | | നിന്നും കെ.എസ്.ഇബി ലിമിറ്റഡിന് കൈമാറി ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ